**നോമ്പുകാലം അഞ്ചാം ഞായർ**

**യോഹ 7:37-39; 8:12-20**

## ഈശോ ജീവന്റെ ജലവും ലോകത്തിന്റെ പ്രകാശവും

റവ. ഡോ. തേജസ് എഫ്സിസി

യേശുവിനെ അപ്പമായും വെള്ളമായും വെളിച്ചമായും വഴിയായും സത്യമായും ജീവനായും ഒക്കെ അവതരിപ്പിക്കുന്നത് നാലാം സുവിശേഷത്തിന്റെ ശൈലിയാണ്. ഈ സുവിശേഷഭാഗത്തിൽ ഈശോ, താൻ ജീവന്റെ ജലമാണെന്നും ലോകത്തിന്റെ പ്രകാശമാണെന്നും പ്രഘോഷിക്കുകയാണ്. യേശുവിന്റെ ഈ പ്രബോധനത്തിന്റെ പശ്ചാത്തലം യഹൂദരുടെ കൂടാരത്തിരുനാളാണ്.

**ജീവന്റെ ജലം**

യഹൂദരുടെ പ്രധാന തിരുനാളുകളിൽ ഒന്നായ കൂടാരത്തിരുനാളിന്റെ ഒരു പ്രധാന കർമ്മം സീലോഹാ കുളത്തിൽ നിന്ന് പുരോഹിതൻ സ്വർണക്കുടത്തിൽ വെള്ളം കോരിക്കൊണ്ടു വന്ന് ജറുസലേം ദേവാലയത്തിന്റെ ഉൾവശം കഴുകുകയും അൾത്താരയിലും ജനങ്ങളുടമേലും ജലം തളിക്കുകയും ചെയ്യുന്നതാണ്. കൂടാരത്തിരുനാൾ മരുഭൂമി യാത്രയെ അനുസ്മരിപ്പിക്കുന്നതിനാൽ ഈ കർമ്മം മരുഭൂമിയിൽ അദ്ഭുതകരമായി പുറപ്പെട്ട നീരുറവയെ സൂചിപ്പിക്കുന്നു. ഈ കൂടാരത്തിരുനാളിന്റെ സന്ദർഭത്തിലാണ് യേശു എഴുന്നേറ്റു നിന്ന് പറഞ്ഞത്: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും.

നാല്പതു സംവത്സരം മരുഭൂമിയിലൂടെ വിശന്നും ദാഹിച്ചും വലഞ്ഞ ജനത്തിന് ദൈവം പാറയിൽ നിന്നു ജലം നല്കി. പാറയിൽ നിന്ന് ഉദ്ഭവിച്ച ജലം യേശുവിന്റെ പ്രതീകമായിരുന്നു എന്നാണ് യോഹന്നാൻ ശ്ലീഹ വിവക്ഷിക്കുന്നത്. പ്രവാചകദർശനങ്ങൾ അതിനു തെളിവുകളാണ്. അതാ ദേവാലയ പൂമുഖത്തിന്റെ അടിയിൽ നിന്നു കിഴക്കോട്ട് വെള്ളമൊഴുകുന്നു. അമ്പതു വർഷങ്ങൾക്കുശേഷം സഖറിയാ പ്രവാചകൻ ഈ പ്രതീകത്തെ വീണ്ടും ഉറപ്പിക്കുന്നു: പാപത്തിൽ നിന്നും അശുദ്ധിയിൽ നിന്നും ദാവീദു ഭവനത്തെയും ജറുസലേം നിവാസികളെയും കഴുകി വിശുദ്ധീകരിക്കാൻ അന്ന് ഒരു ഉറവ പൊട്ടിപ്പുറപ്പെടും. അന്ന് ജീവജലം ജറുസലേമിൽ നിന്നു പുറപ്പെടും. ബൈബിളിലെ അവസാനത്തെ പുസ്തകത്തിലെ അവസാന അധ്യായം ഈ പ്രതീകത്തെ അതിന്റെ പൂർണതയിൽ എത്തിക്കുന്നു. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതും സ്ഫടികം പോലെ തെളിഞ്ഞതുമായ ജീവജലത്തിന്റെ നദി അവൻ എനിക്ക് കാണിച്ചു തന്നു. മിശിഹായാകുന്ന പാറയെക്കുറിച്ചും, മിശിഹാ നല്കുന്ന ജലത്തെക്കുറിച്ചും കോറിന്തോസിലെ സഭയ്ക്ക് പൗലോസ് എഴുതിയ ഒന്നാം ലേഖനത്തിൽ പ്രതിഫലിക്കുന്നത് കാണാം. എല്ലാവരും ഒരേ ആത്മീയഭക്ഷണം കഴിച്ചു. എല്ലാവരും ഒരേ ആത്മീയപാനീയം കുടിച്ചു. ഞങ്ങളോടൊപ്പം സഞ്ചരിച്ച ആത്മീയ ശിലയിൽ നിന്നാണ് അവൻ പാനം ചെയ്തത്. ആ ശില ക്രിസ്തുവാണ്.

യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഈശോയെ ജീവജലമായി പല ഭാഗങ്ങളിൽ അവതരിപ്പിക്കുന്നു. യേശു നിക്കോദേമോസുമായി നടത്തുന്ന സംഭാഷണത്തിൽ ജീവജലം സ്വീകരിക്കുക എന്നതിന് യേശുവിൽ വിശ്വസിച്ച് സ്നാനം സ്വീകരിക്കുക എന്ന അർത്ഥമുണ്ട്. നിക്കോദേമോസുമായുള്ള സംഭാഷണത്തിനു തൊട്ടു പുറകെ യേശുവിനെ നാം യാക്കോബിന്റെ കിണറ്റുകരയിൽ കാണുന്നു. സമരിയാക്കാരിയുമായുള്ള സംഭാഷണത്തിൽ ഈശോ അവളോട് വ്യക്തമാക്കുന്നു, മനുഷ്യന്റെ ആത്യന്തികലക്ഷ്യമായ ജീവജലം താനാണെന്ന്. ഈ ജീവജലം എങ്ങനെ കുടിക്കാം എന്ന ചോദ്യത്തിന് യേശു നല്കിയ ഉത്തരം എന്നിൽ വിശ്വസിക്കുവിൻ എന്നാണ്. അതുകൊണ്ടാണ് ഈശോ പറഞ്ഞത്: എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് ജീവജലത്തിന്റെ അറുവികൾ ഒഴുകും. പീഡാനുഭവരംഗത്തിൽ വീണ്ടും വെള്ളം

പ്രത്യക്ഷപ്പെടുന്നു. പടയാളികളിലൊരാൾ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തി. ഉടനെ അതിൽ നിന്നു രക്തവും വെള്ളവും പുറപ്പെട്ടു. പാറമേൽ മോശ അടിച്ചപ്പോൾ ജലം പുറപ്പെട്ടതുപോലെ യേശുവാകുന്ന പാറമേൽ കുന്തംകൊണ്ട് കുത്തിയപ്പോൾ രക്തത്തോടൊപ്പം ജലവും പുറപ്പെട്ടു. മരുഭൂമിയിലെ പാറ നല്കിയ വെള്ളം കുടിച്ചവർക്ക് വീണ്ടും ദാഹിച്ചു. എന്നാൽ യേശുവിന്റെ പാർശ്വത്തിൽ നിന്നു പുറപ്പെട്ട വെള്ളം കുടിക്കുന്നവർക്ക് ദാഹിക്കില്ല എന്നു മാത്രമല്ല അവർ ഓരോരുത്തരുടെയും ഹൃദയം ജീവജലത്തിന്റെ ഉറവയായി മാറുകയും ചെയ്യും.

**ലോകത്തിന്റെ പ്രകാശം**

യോഹന്നാൻ 8:12–20–ൽ ഈശോ തന്നെത്തന്നെ ലോകത്തിന്റെ പ്രകാശമായി വെളിപ്പെടുത്തുന്നു. കൂടാരത്തിരുനാളിന്റെ മറ്റൊരു പ്രധാനപ്പെട്ട കർമ്മമായിരുന്നു ദീപാലങ്കാരം. മരുഭൂമിയിലെ യാത്രയ്ക്കിടയിൽ അഗ്നിസ്തംഭമായി വഴി നടത്തിയ ദൈവത്തെ നന്ദിയോടെ സ്മരിക്കാനായിരുന്നു ഈ ദീപാലങ്കാരം. ജറുസലേം ദേവാലയത്തിന്റെ നാലു കോണിലും ഭീമാകാരമായ നാലു സ്തംഭങ്ങൾ കൂടാരത്തിരുനാളിൽ സ്ഥാപിച്ചിരുന്നു. ദേവാലയ പരിസരത്തെ മാത്രമല്ല, ജറുസലേം പട്ടണത്തെ മുഴുവൻ ദീപ്തമാക്കാൻ പര്യാപ്തമായിരുന്നു ഇവയുടെ വെളിച്ചം. ഈ കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ ദീപങ്ങളെ സാക്ഷി നിറുത്തിയാണ് ഈശോ പ്രഖ്യാപിക്കുന്നത്: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. മരുഭൂമിയിൽ ഇസ്രായേലിനെ വഴി നടത്തിയ അഗ്നിസ്തംഭമായ ദൈവത്തെപ്പോലെ പുതിയ നിയമ ജനതയെ വഴിനടത്തുന്നത് പ്രകാശമായ ഈശായാണെന്ന സത്യം ഇവിടെ വ്യക്തമാകുന്നു.

എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായിട്ടാണ് യോഹന്നാൻ ഈശോയെ ആദ്യമായി അവതരിപ്പിക്കുന്നത്. ഈശോ ലോകത്തിന്റെ പ്രകാശമാണെന്നും അവിടുത്തെ അനുഗമിക്കുന്നവർ അന്ധകാരത്തിൽ നടക്കുകയില്ല എന്നും സുവിശേഷകൻ ആവർത്തിക്കുന്നു. പ്രകാശത്തിന്റെ സ്വഭാവവും ദൗത്യവുമാണ് അന്ധകാരത്തെ ദൂരീകരിക്കുകയെന്നത്. പാപാന്ധകാരത്തിൽ തപ്പിത്തടയുന്നവരെ പ്രകാശത്തിലേക്ക് കൊണ്ടുവവരുന്നത് ഏകസത്യവെളിച്ചമായ ഈശോയല്ലാതെ മറ്റാരുമല്ല. മറിയം മഗ്ദലേനയും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും അനുതപിച്ച കള്ളനും യേശുവാകുന്ന പ്രകാശത്തിൽ തെളിച്ചമുള്ളവരായി മാറി.

യവനചിന്തകളുടെ സ്വാധീനത്താൽ നന്മതിന്മകളെ വേർതിരിച്ചറിയാൻ കഴിയാത്ത ഒരു സമൂഹത്തിന്റെയും, റോമൻ രാഷ്ട്രീയാധികാരത്താൽ ഏറെ ക്ലേശമനുഭവിച്ചിരുന്ന ഒരു ജനതയുടെയും ഇടയിലാണ് നിത്യപ്രകാശമായ ക്രിസ്തു മനുഷ്യനായി അവതരിച്ചത്, ജീവിച്ചത്. അപകടവക്രതത്തിൽ കഴിഞ്ഞിരുന്നവർക്ക്, പാപാന്ധകാരത്തിൽ തപ്പിത്തടഞ്ഞിരുന്നവർക്ക് ഈശോ വെളിച്ചമായി മാറി.

ക്രിസ്തു എന്ന പ്രകാശത്തെ മനസ്സിലാക്കാതെ, അംഗീകരിക്കാതെ അന്ധകാരത്തെ സ്വീകരിക്കുന്നവർക്ക് നിത്യശിക്ഷാവിധി ഉണ്ടാകുമെന്നും ലോകത്തിലേയ്ക്കു വന്ന പ്രകാശമായ ഈശോയെ സ്വീകരിച്ചവർ ദൈവമക്കളായിത്തീരും എന്നും യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു. ഈശോയെന്ന പ്രകാശത്തെ സ്വീകരിക്കുകയും ആ പ്രകാശത്തിൽ ചരിക്കുകയുമാണ് നമുക്ക് കരണീയമായിട്ടുള്ളത്.